**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1297** **19-06-2024 - ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ മണ്ഡലത്തിലെ മിനി സിവിൽ സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം, ചെറുവത്തൂർ നഗരങ്ങളിൽ മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തി 3 വർഷം കഴിഞ്ഞിട്ടും കെട്ടിടം പണിക്കാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിൽ പി.ഡബ്ല്യൂ.ഡി. അധികൃതർ കാലതാമസം വരുത്തുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് അറിയിക്കാമോ? | (എ) | മിനി സിവിൽ സ്റ്റേഷൻ, നീലേശ്വരം<br><br>2020-21 വർഷത്തെ ബഡ്ജറ്റിൽ നീലേശ്വരം മിനി സിവിൽ സ്റ്റേഷൻ പ്രോജക്റ്റിന് 5 കോടി രൂപ വകയിരുത്തിയിരുന്നു. നിലവിൽ പ്രവർത്തിച്ചു വരുന്ന വില്ലേജ് ഓഫീസ് കെട്ടിടം നിലനിൽക്കുന്ന അതേ സ്ഥലത്തു തന്നെയാണ് നീലേശ്വരം മിനി സിവിൽ സ്റ്റേഷനു വേണ്ടിയുള്ള സൈറ്റ് അനുവദിച്ചിരുന്നത്. തുടർന്ന് PWD ഡിസൈൻ വിഭാഗം, ടോട്ടൽ സ്റ്റേഷൻ സർവ്വെ നടത്തുകയും PWD ആർക്കിടെക്ട് സ്ഥലം പരിശോധിക്കുകയും 10.11.2022-ൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭ്യമാക്കുകയും ചെയ്തു. 05.01.2023വരെ ക്ലയന്റ് വകുപ്പിന്റെ ഭാഗത്തു നിന്നും കൂടുതൽ പുതിയ ആവശ്യങ്ങൾ ഉയർന്നുവന്ന സാഹചര്യത്തിൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് റിവൈസ് ചെയ്യേണ്ടി വന്നു. ഇങ്ങനെ plan revise ചെയ്യുമ്പോൾ സ്ഥല അതിരുകളിൽ നിന്ന് നിയമ പ്രകാരമുള്ള അകലങ്ങൾ പാലിക്കുവാൻ സാധിക്കാത്ത സാഹചര്യം ബന്ധപ്പെട്ട വകുപ്പിനെ 24.12.2022-ൽ അറിയിച്ചിരുന്നു. 01/03/2024 ൽ ബഹു. ജില്ലാ കളക്ടർ ആർക്കിടെക്ചറൽ ഡ്രോയിംഗ് അംഗീകരിച്ചു നൽകുകയും ചെയ്തു. നിലവിൽ Detailed Arichitectural drawing ചെയ്യുന്നതിനായി PWD കോഴിക്കോട് ആർക്കിടെക്ചറൽ വിഭാഗത്തിന് നൽകുകയും ആയതിന്റെ അന്തിമ നടപടികൾ സ്വീകരിച്ചു വരുകയുമാണ്. മാത്രമല്ല, സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പ് റീജിയണൽ ഡിസൈൻ കാര്യാലയത്തിൽ നടപടികൾ സ്വീകരിക്കുകയും ആയതിന് സാങ്കേതിക അനുമതി നൽകുന്ന ഘട്ടത്തിലുമാണ്.<br><br>ചെറുവത്തൂർ മിനി സിവിൽ സ്റ്റേഷൻ |

| | | | |
|---|---|---|---|
| | | | 2020 -21 വർഷത്തെ ബഡ്ജറ്റിൽ ചെറുവത്തൂർ മിനി സിവിൽ സ്റ്റേഷൻ പ്രവൃത്തിക്ക് 5 കോടി രൂപ വകയിരുത്തിയിരുന്നു. ഈ കെട്ടിടത്തിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ സംബന്ധിച്ച ആവശ്യകതാ റിപ്പോർട്ട് വൈകിയാണ് (ഏപ്രിൽ-ജൂൺ മാസ കാലയളവിൽ) ബന്ധപ്പെട്ട ഓഫീസുകളിൽ നിന്ന് ലഭ്യമായത്. തുടർന്ന് 15.09.2022-ൽ PWDകോഴിക്കോട് റീജിയണൽ ഓഫീസിലെ സീനിയർ ആർക്കിടെക്ട് സൈറ്റ് പരിശോധിക്കുകയും 31.01.2023-ൽ Architectural drawing ലഭ്യമാകുയും ചെയ്തു. എന്നാൽ ഈ സൈറ്റിൽ പകുതി ഭാഗവും വെള്ളക്കെട്ട് രൂപപ്പെടുന്ന വയൽ പ്രദേശമായതിനാൽ ഈ പ്രദേശത്ത് **pile foundation** ചെയ്യേണ്ടതായി വരുകയും, ബഡ്ജറ്റിൽ വകയിരുത്തിയ 5 കോടി രൂപയിൽ നിന്നും വലിയൊരു തുക ഇതിനായി മാറ്റി വയ്ക്കേണ്ടി വരും എന്നതിനാൽ, പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിരുന്ന (9 ഓഫീസുകൾ) ആവശ്യകതകൾ ഉൾപ്പെടുത്തി ഈ തുകയിൽ പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നു. തുടർന്ന് ബഹു. ജില്ലാ കളക്ടർ, ബഹു. തൃക്കരിപ്പൂർ എം.എൽ.എ, PWD എഞ്ചിനീയർ എന്നിവർ പ്രസ്തുത പ്രശ്നങ്ങൾ ചർച്ച ചെയ്ത് നിലവിൽ തയ്യാറാക്കിയ പ്ലാൻ അപ്രൂവ് ചെയ്യുവാനും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും തീരുമാനിച്ചു. തുടർന്ന് 01/03/2024 ൽ ബഹു. ജില്ല കളക്ടർ AR drawing approve ചെയ്യുകയും ആയത് Detailed drawing തയ്യാറാക്കുന്നതിനുവേണ്ടി കോഴിക്കോട് Architectural wing-ലേയ്ക്ക് നൽകുകയും ചെയ്തു. നിലവിൽ പ്രസ്തുത പ്ലാൻ തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ